# ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തിപ്പെടുന്നു?

■ *ഡോ. മൻമോഹൻ സിംഗിന്റെ സാമ്പത്തിക പരിഷ്കരണങ്ങളെ കമ്യൂണിസ്റ്റുകാരെപ്പോലെ ഇസ്‌ലാമിക പ്രസ്ഥാനവും എതിർക്കുകയാണല്ലോ. എന്നാൽ ദീർഘദൃഷ്ടിയോടെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണ് ചെയ്തത്. നമ്മുടെ സമ്പദ്ഘടന ഇപ്പോൾ അതിവേഗം വളരുകയാണ്. ഡോളർ പോലും തകർച്ചയെ നേരിടുമ്പോൾ ഇന്ത്യൻ രൂപയുടെ മൂല്യം ഉയരുന്നു. രൂപയുടെ മൂല്യവർധന ഗൾഫിൽ തൊഴിലെടുക്കുന്നവർക്ക് തിരിച്ചടിയായിക്കൊണ്ടിരിക്കുകയാണിപ്പോൾ. മുജീബിന്റെ പ്രതികരണം?*

***മുഹമ്മദ് സഖലൂൻ***
***ചിറക്കൽകുളം, കണ്ണൂർ***

**ഇ**ന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പൊതുവായ ഉയർച്ചയോ ദേശീയ വളർച്ചാനിരക്കോ രൂപയുടെ മൂല്യവർധനവോ കാണാതെയല്ല മൻമോഹൻസിംഗ് സർക്കാറിന്റെ സാമ്പത്തിക നയങ്ങളെ എതിർക്കുന്നത്. ആഗോളീകരണത്തിന്റെയും ഉദാരീകരണത്തിന്റെയും പേരിൽ കുത്തകകളുടെ കടന്നുവരവും ദേശീയ കുത്തകകളുടെ ഭീമാകാരമായ വളർച്ചയും അഭൂതപൂർവമായ സാമ്പത്തിക കേന്ദ്രീകരണമാണ് സൃഷ്ടിച്ചിരിക്കുന്നത്. അരലക്ഷം കോടി മുതൽ മേലോട്ട് ആസ്തിവഹകളുള്ള മുതലാളിമാരുടെ എണ്ണം തീർച്ചയായും വർധിച്ചിട്ടുണ്ട്. അത്രത്തോളം ഇല്ലെങ്കിലും ഒട്ടേറെ ചെറുകിടക്കാർ വൻകിടക്കാരായി മാറിയിട്ടുമുണ്ട്. പക്ഷേ, ദേശീയ വളർച്ചാ നിരക്കിന്റെയും പ്രതിശീർഷവരുമാനത്തിന്റെയും ഗ്രാഫ് കുത്തനെ ഉയർത്തുന്ന ഈ സ്ഥിതിവിശേഷത്തിന്റെ മറുവശം, സർക്കാർ കണക്കുകൾ പ്രകാരം തന്നെ 22 കോടി ജനങ്ങൾ ഇപ്പോഴും ദാരിദ്ര്യരേഖക്ക് താഴെ കിടക്കുന്നു എന്നുള്ളതാണ്. രേഖക്ക് മീതെ കഴിയുന്നവരിൽ ബഹുഭൂരിഭാഗവും ഇടത്തരക്കാരും സാധാരണക്കാരുമാണ്. അവശ്യസാധനങ്ങളുടെയും ഭൂമിയുടെയും നിർമാണ സാമഗ്രികളുടെയും താങ്ങാനാവാത്ത വിലക്കയറ്റം മൂലം ജീവിതം ദുരിതപൂർണമായവരാണ് ഇടത്തരക്കാർ. ഈ വസ്തുതകളൊക്കെ പ്രധാനമന്ത്രി സ്വയം തന്നെ സമ്മതിക്കുകയും വികസനവും പുരോഗതിയും പങ്കിടാൻ വലിയൊരു വിഭാഗം ജനങ്ങൾക്ക് സാധിക്കുന്നില്ലെന്ന് വിലപിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ സർക്കാർ പിന്തുടരുന്ന നയങ്ങൾ പീഡിത ഭൂരിപക്ഷത്തെ കരകയറ്റാൻ ഉതകുന്നതല്ല. പ്രത്യേക സാമ്പത്തിക മേഖല (സെസ്), പടുകൂറ്റൻ പദ്ധതികൾക്കു വേണ്ടിയുള്ള കുടിയൊഴിപ്പിക്കൽ, ചെറുകിട വ്യാപാരരംഗത്തേക്ക് കൂടി വാൾമാർട്ട് പ്രഭൃതികളുടെ കടന്നുവരവ്, താങ്ങാനാവാത്ത നികുതിഭാരം തുടങ്ങിയ ഘടകങ്ങൾ സമ്പദ്‌വ്യവസ്ഥയുടെ സന്തുലനത്തെ അട്ടിമറിക്കുകയാണ് ചെയ്യുന്നത്. അതോടൊപ്പം സർക്കാർ ഏജൻസികളുടെ തുറന്ന പിന്തുണയോടെ കള്ളപ്പണവും കുഴൽപണവും കള്ളനോട്ട് വ്യവസായവും തഴച്ചുവളരുക കൂടി ചെയ്യുന്നു. കേരളത്തിൽ മാത്രം പതിനായിരം കോടിയിലധികം രൂപയുടെ ഹവാല ഒഴുകുന്നതായി ആഭ്യന്തരമന്ത്രി കൊടിയേരി ബാലകൃഷ്ണൻ വെളിപ്പെടുത്തിയത് ഓർക്കുക. ഇതിനിടയിൽ രൂപയുടെ മൂല്യം അമേരിക്കൻ ഡോളറുമായുള്ള വിനിമയത്തിൽ വർധന കാണിക്കുന്നത് ഉപജീവനത്തിനായി പൊരുതുന്ന പ്രവാസികളുടെ നട്ടെല്ലൊടിക്കും എന്നല്ലാതെ ആഭ്യന്തരരംഗത്ത് ഉള്ളിയുടെയോ തക്കാളിയുടെയോ പോലും വില കുറക്കാൻ ഉതകുന്നില്ല. മന്തുകാലിന്റെ വളർച്ച അഭികാമ്യമാണെങ്കിൽ മാത്രമേ അസന്തുലിതമായ സാമ്പത്തികവളർച്ചയെ സ്വാഗതം ചെയ്യാൻ കഴിയൂ.

## യുക്തിവാദിയുടെ വിലാപങ്ങൾ

■ *"കേരളത്തിലെ അനുകൂല കാലാവസ്ഥ സമർഥമായി ചൂഷണം ചെയ്ത് മൗലികവാദവും ഭീകരവാദവും വിളയിച്ചെടുക്കാനാണ് ഒരു വിഭാഗം ന്യൂനപക്ഷ വർഗീയവാദികൾ ശ്രമിക്കുന്നത്. കേരളത്തിലെ മുസ്‌ലിം സമൂഹം മൗലികവാദത്തിന്റെയും പൗരോഹിത്യത്തിന്റെയും കാലിത്തൊഴുത്തിൽ അള്ളിപ്പിടിക്കാനുള്ള കാരണം ദീർഘ വീക്ഷണമുള്ള ഒരു പരിഷ്കരണ പ്രസ്ഥാനത്തിന്റെ അഭാവമാണ്. ആറാം നൂറ്റാണ്ടിലെ അറേബ്യൻ നാടോടികൾക്കായി തയാറാക്കിയ ഗോത്രാചാര സംഹിതക്കു മുകളിൽ അന്ധമായി അള്ളിപ്പിടിച്ചിരിക്കുന്നതാണ് തങ്ങളുടെ പിന്നാക്കാവസ്ഥക്ക് കാരണമെന്ന് ബോധ്യപ്പെടുത്താൻ യുക്തിബോധമുള്ള ഒരു തലമുറയെ പരിശീലിപ്പിക്കേണ്ടതുണ്ട്" (ഇ.എ ജബ്ബാർ, മാതൃഭൂമി ആഴ്ചപ്പതിപ്പ് 20.7.2007). ജമാഅത്തെ ഇസ്‌ലാമി കടുത്ത മൗലികവാദികളാണെന്നും അവർ സ്ത്രീകളുടെ സ്വത്തവകാശത്തെ നിരാകരിക്കുന്നവരാണെന്നും പശ്ചിമ ബംഗാളിലെ മുസ്‌ലിം പിന്നാക്കാവസ്ഥക്ക് കാരണം, വിദ്യാഭ്യാസത്തിനു നേരെ പുറംതിരിഞ്ഞുനിൽക്കുന്ന മതവും പൗരോഹിത്യവുമാണെന്നും ലേഖകൻ എഴുതുന്നു. ഒറ്റപ്പെട്ട നവോത്ഥാന സംരംഭങ്ങൾക്ക് രാഷ്ട്രീയ പിന്തുണ നൽകാൻ ആരുമില്ലായെന്നും ഇ.എ ജബ്ബാർ പരിതപിക്കുന്നു.*
*മുജീബിന്റെ പ്രതികരണം?*

***വി. ഹശ്ഹാശ്***
***കണ്ണൂർ സിറ്റി***

**ജ**നാധിപത്യ ഇന്ത്യയിൽ മതങ്ങളെയും മറ്റെല്ലാ ആദർശങ്ങളെയും പോലെ പൂർണ സ്വാതന്ത്ര്യം യുക്തിവാദത്തിനും ലഭ്യമാണ്. പക്ഷേ എം.സി ജോസഫ്, എ.ടി കോവൂർ, കുറ്റിപ്പുഴ കൃഷ്ണപിള്ള മുതൽ ഇ.എ ജബ്ബാർ വരെയുള്ളവർ ആവോളം പണിയെടുത്തിട്ടും അവരുടേതായ 'നവോത്ഥാനം' കരുപ്പിടിപ്പിക്കാനായില്ലെങ്കിൽ അതിന്റെ കാരണം അന്വേഷിക്കേണ്ടത് സ്വന്തം സിദ്ധാന്തങ്ങളുടെ ബലഹീനതയിലും പൊള്ളത്തരത്തിലുമാണ്. ശൂന്യതയുടെ പുറത്ത് ആർക്കും ഒന്നും പണിതുയർത്താനാവില്ലെന്ന ബാലപാഠമാണ് യുക്തിവാദികൾ ഒന്നാമതായി മറന്നുകളഞ്ഞത്. കേരളത്തിൽ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് അൽപമെങ്കിലും നാസ്തികരുടെയും മതരഹിതരുടെയും എണ്ണം കൂടിയത് യുക്തിവാദി കൂട്ടായ്മകൾ പണിയെടുത്തിട്ടല്ല, വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിലധിഷ്ഠിതമായ

മാർക്സിസം വേരുപിടിച്ചതുകൊണ്ടാണ്. മാർക്സിസ്റ്റുകൾ പോലും ഇപ്പോൾ മതത്തിന്റെ നേരെയുള്ള സമീപനം മാറ്റുന്ന തത്രപ്പാടിലുമാണ്.

‘ആറാം നൂറ്റാണ്ടിലെ അറേബ്യൻ നാടോടികളുടെ ഗോത്രാചാര സംഹിത’ കാലത്തെ അതിജീവിക്കുകയും ലോകത്തോടൊപ്പം ചലിക്കുകയും നാസ്തിക ദർശനങ്ങളെ ചെറുത്തുതോൽപിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതും ഇസ്ലാമിന്റെ ശാസ്ത്രീയവും യുക്തിഭദ്രവും പ്രായോഗികവുമായ സമീപനങ്ങളെയാണ് അനാവരണം ചെയ്യുന്നത്. സർവശക്തനും സർവജ്ഞനുമായ അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസത്തിൽ സംസ്ഥാപിതമായ ഇസ്ലാമിക ദർശനം മനുഷ്യബുദ്ധിയുടെ സൃഷ്ടിപരമായ പ്രയോഗത്തിലും വൈജ്ഞാനിക വളർച്ചയിലും ചിന്തയുടെ വികാസത്തിലുമാണ് ഊന്നുന്നത്. ഇസ്ലാമിന്റെ മൗലിക പ്രമാണങ്ങൾക്ക് നിരക്കാത്ത അന്ധവിശ്വാസജടിലമായ ആചാരങ്ങൾ മുസ്ലിംസമൂഹത്തിൽ കടന്നുകയറിയിട്ടുണ്ടെങ്കിൽ അതിന്റെ ഉന്മൂലനവും വിശുദ്ധ ഖുർആനിലൂടെയും പ്രവാചകചര്യയിലൂടെയും തന്നെയാണ് സാധിക്കുക, മതനിരാസത്തിലൂടെയല്ല. മുസ്ലിം പിന്നാക്കാവസ്ഥ അവസാനിപ്പിക്കാൻ ജമാഅത്തെ ഇസ്ലാമി അടക്കമുള്ള പ്രസ്ഥാനങ്ങളും മത, സാംസ്കാരിക സംഘടനകളും പണിയെടുത്തതിന്റെ ഫലമായാണ് ഒട്ടനവധി വിദ്യാലയങ്ങളും കലാലയങ്ങളും പ്രസിദ്ധീകരണാലയങ്ങളും നിലവിൽവന്നിരിക്കുന്നത്; പഠിപ്പും സംസ്കാരവുമുള്ള മുസ്ലിം യുവാക്കൾ യുക്തിവാദ, നാസ്തിക പ്രസ്ഥാനങ്ങളുടെ വലയിൽ വീഴാത്തതും ഈ നവോത്ഥാനത്തിന്റെ ഫലമായാണ്. മറുവശത്ത്, പുരോഗമനം പ്രസംഗിക്കുന്ന യുക്തിവാദ കൂട്ടായ്മകൾ പരസ്പരം പാരപണിതും പൊതുസമൂഹത്തിൽ ഇടം നേടാനാവാതെയും മുരടിക്കുന്നു. ജബ്ബാറിന്റെ കൂട്ടുകാരൻ സെയ്തു മുഹമ്മദിന് ആഴ്ചതോറും ‘ഹിക്മത്ത്’ എഴുതാൻ ആർ.എസ്.എസ്സിന്റെ *ജന്മഭൂമി*യാണ് അഭയം എന്നോർത്താൽ ചിത്രം പൂർത്തിയായി.

## മിഡിലീസ്റ്റിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ

■ *“പാകിസ്താൻ രൂപീകരണം. ഇറാനിലെ ഷാ വിരുദ്ധ കലാപത്തിൽ ഖൊമൈനിയുടെ ഇസ്ലാമിസ്റ്റ് പ്രസ്ഥാനം. കൊളോണിയൽ വിരുദ്ധ സമരങ്ങളിലൂടെ അറബ് രാഷ്ട്രങ്ങളിൽ പലയിടത്തും രൂപപ്പെട്ട ദേശരാഷ്ട്രങ്ങൾ. ഈജിപ്ത്, ഇറാഖ്, ലിബിയ തുടങ്ങിയവ. ഇവിടങ്ങളിൽ പിൽക്കാലത്ത് നിലവിൽവന്ന അമേരിക്കൻ സ്വാധീനത്തിലുള്ള സർക്കാറുകൾക്കെതിരെ വന്ന പ്രക്ഷോഭങ്ങൾ. ഇവയിൽ എല്ലാം ഇസ്ലാമിസ്റ്റുകൾ അവരുടെ പങ്ക് നിർവഹിച്ചു. ജയിലിലടക്കപ്പെട്ടു. വേട്ടയാടപ്പെട്ടു. കൂടെ കമ്യൂണിസ്റ്റുകാരും ഇടതുപക്ഷക്കാരും. പാശ്ചാത്യപിന്തുണയുള്ള ഷാ സർക്കാറിനെതിരെ നടന്ന ഇറാൻ വിപ്ലവത്തിൽ പങ്കെടുത്തതിന് ജയിലിലടക്കപ്പെട്ട തടവുകാരിൽ 50 ശതമാനവും കമ്യൂണിസ്റ്റുകാരായിരുന്നു.......*

*“അക്കാലത്ത് ഇറാനിലും ഇറാഖിലുമെല്ലാം ശക്തമായിരുന്ന കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് പിന്നെന്തു സംഭവിച്ചു? ഏകാധിപത്യ മതമൗലിക ഭരണകൂടങ്ങൾ സ്ഥാപിതമായതോടെ കമ്യൂണിസ്റ്റുകാർ നിഷ്കാസിതരായി. നിശ്ശബ്ദരാക്കപ്പെട്ടു. ഈ നിലപാടുമാറ്റം, ചാഞ്ഞാട്ടം, അവസരവാദം തന്നെയാണ് ശൈഖ് മുഹമ്മദ് സാഹിബും അദ്ദേഹത്തിന്റെ പ്രസ്ഥാനവും ഇപ്പോൾ ഇടതുപക്ഷത്തോട് എടുക്കുന്നത്. ‘പാലം കടക്കുവോളം നാരായണ’ എന്ന സമീപനം. മദീനയിൽ ‘മതനിരപേക്ഷ ഭരണകൂടം’ സ്ഥാപിച്ച ഇസ്ലാമിക പാരമ്പര്യമാണോ ഇത്?....*

*“സാമ്രാജ്യത്വത്തിനും ഫാഷിസത്തിനുമെതിരെയുള്ള പോരാട്ടങ്ങൾക്ക് ജമാഅത്തെ ഇസ്ലാമി ഉൾപ്പെടെയുള്ള ഇസ്ലാമിക കൂട്ടായ്മകളെയാകെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇസ്ലാമിന്റെ നീതിബോധവും തത്വചിന്തയും കൊണ്ട് മാർക്സിസത്തെയും, മാർക്സിസത്തിന്റെ വിമോചക പാരമ്പര്യം കൊണ്ട് വിശ്വാസത്തെയും സമ്പുഷ്ടമാക്കുന്ന ഒരു പ്രക്രിയ.”*

*(‘മൗദൂദിയും ഖുർആൻ വ്യാഖ്യാനവും നവോത്ഥാനത്തിന്റെ അന്തരാളങ്ങൾ’ എന്ന ലേഖനത്തിൽനിന്ന്. ഷാനവാസ് അൽ മുഹമ്മദ്–* ദേശാഭിമാനി *വാരിക 2007 ജൂലൈ 8).*

*മുജീബിന്റെ പ്രതികരണം?*

**എം.പി മുഹമ്മദലി**
**കൊടുമുണ്ട, പാലക്കാട്**

**അ**റബ്-മുസ്ലിം നാടുകളിൽ ഇന്തോനേഷ്യ ഒഴിച്ച് മറ്റൊരിടത്തും ശക്തമായ ഒരു കമ്യൂണിസ്റ്റ് പ്രസ്ഥാനം വളരുകയുണ്ടായില്ല. ഇന്തോനേഷ്യയിലാകട്ടെ സ്വയംകൃതാനർഥവും സി.ഐ.എ ഉപജാപവും മൂലം പി.കെ.എ ക്രൂരമായ വേട്ടയാടലിനെത്തുടർന്ന് ചരിത്രത്തിന്റെ ഭാഗമാവുകയും ചെയ്തു. അറബ്ലോകത്ത് ഇറാഖിലും സിറിയയിലും ഇടതുപക്ഷ ബഅസ് സോഷ്യലിസ്റ്റ് പാർട്ടികൾ ഏകാധിപത്യത്തിലൂടെ അധികാരത്തിലേറിയെങ്കിലും സോവിയറ്റ് യൂനിയന്റെ തിരോധാനത്തോടെ അനാഥമായി. അമേരിക്കൻ അധിനിവേശശക്തികളാണ് ഇറാഖിൽ സദ്ദാം ഹുസൈനോടൊപ്പം ബഅസിസത്തിന്റെയും കഥകഴിച്ചത്. സിറിയയിൽ പേരിന് ബഅസിസ്റ്റുകളാണ് അധികാരത്തിലെങ്കിലും യഥാർഥ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഒരു പ്രത്യേകതയും ബശ്ശാറുൽ അസദിന്റെ പാർട്ടിക്കില്ല. ഇറാഖിൽ കമ്യൂണിസ്റ്റ് പാർട്ടിയെ വേട്ടയാടിയത് ഇസ്ലാമിസ്റ്റുകളല്ല, സാക്ഷാൽ സദ്ദാം ഹുസൈൻ ആയിരുന്നു. അയാളെ താങ്ങിനിർത്തിയിരുന്നത് സോവിയറ്റ് യൂനിയനും. ഇറാനിൽ നാമമാത്രമായ ഒരു കമ്യൂണിസ്റ്റ് പാർട്ടി ഉണ്ടായിരുന്നു. അവർ വിപ്ലവകാലത്ത് ഖുമൈനിയോടൊപ്പം നിന്നു. എന്നാൽ വിപ്ലവാനന്തര ഇറാനിൽ ഒരു ചലനവും ഉണ്ടാക്കാൻ കമ്യൂണിസ്റ്റുകൾക്കായില്ല. കരുത്തുറ്റ ഒരു സാമ്രാജ്യത്വവിരുദ്ധ കൂട്ടായ്മപോലും അവർ രൂപപ്പെടുത്തിയില്ല. ഇസ്ലാമികപ്രസ്ഥാനങ്ങളെ സംബന്ധിച്ചേടത്തോളം സ്വാഭാവികമായും ജോലി തങ്ങളുടെ ആദർശങ്ങളുടെ വളർച്ചയും വികാസവുമാണ്, ആദർശവിരുദ്ധരെ വളർത്തുകയല്ല. അതേസമയം വർത്തമാനകാല ലോകം നേരിടുന്ന മുഖ്യ ഭീഷണി സാമ്രാജ്യത്വത്തിൽനിന്നായതിനാൽ അതിനെ ചെറുത്തുതോൽപിക്കാനുള്ള പോരാട്ടത്തിൽ ഇസ്ലാമിസ്റ്റുകൾക്കും കമ്യൂണിസ്റ്റുകൾക്കും അണിചേരാവുന്നതേയുള്ളൂ. ഫലസ്ത്വീനിലും ഈജിപ്തിലും അതിന്റെ സൂചനകളുണ്ട്. ഇന്ത്യയിൽ അതിന്റെ പ്രസക്തി ജമാഅത്തെ ഇസ്ലാമി അംഗീകരിക്കുകയും ചെയ്യുന്നു. എന്നാൽ, സർവ ജീവിതതുറകളിലും സാമ്രാജ്യത്വദാസ്യം നയമായി സ്വീകരിച്ച മൻമോഹൻ സർക്കാറിന്റെ മറപറ്റി അതിന്റെ ഗുണഭോക്താക്കളാവാൻ ബംഗാളിലെയും കേരളത്തിലെയും മാർക്സിസ്റ്റ് നിയന്ത്രിത സർക്കാറുകൾ തയാറാകുമ്പോൾ സാമ്രാജ്യത്വവിരോധം അധരസേവയായി ചുരുങ്ങും. സി.പി.എമ്മിന്റെ മാർക്സിസ്റ്റ് പ്രതിബദ്ധതയിൽ സംശയിക്കുന്നവർ പുറത്താരുമല്ല, അകത്തുള്ളവർതന്നെയാണെന്ന വസ്തുതയും *ദേശാഭിമാനി*യുടെ കോളമിസ്റ്റുകൾക്ക് അറിയാത്തതല്ലല്ലോ.

## ജമാഅത്തെ ഇസ്ലാമി തീവ്രവാദം വളർത്തുന്നുവോ?

■ *“മുസ്ലിം സമുദായത്തിന്റെ അടിസ്ഥാനപരമായ ആദർശങ്ങൾക്ക് വിരുദ്ധമായാണ് ജമാഅത്തെ ഇസ്ലാമി നീങ്ങുന്നത്. അവർ തീവ്രവാദ ചിന്തകളുമായാണ് മുന്നോട്ടുപോകുന്നത്. ജനാധിപത്യവാദികളാണ് തങ്ങളെന്ന അവരുടെ പ്രചാരണം കേവലം കാപട്യമാണ്. ഇത് ഇടതുപക്ഷ ചിന്താഗതിയുള്ളവർക്കു പോലും മനസ്സിലാക്കാൻ സാധിക്കുന്നില്ല.”* ഐ.

*എസ്.എം സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ശാക്കിർ. (ചന്ദ്രിക ദിനപത്രം 13.07.2007). മുജീബിന്റെ പ്രതികരണം?*

***ഹാജറ കടന്നമണ്ണ***

**മു**സ്‌ലിംസമുദായത്തിന്റെ അടിസ്ഥാനപരമായ ആദർശങ്ങൾ എന്താണ്? വിശുദ്ധ ഖുർആനും പ്രവാചകചര്യയുമാണ് സമുദായത്തിന്റെ അടിസ്ഥാനാദർശങ്ങളുടെ മാനദണ്ഡങ്ങളെങ്കിൽ അല്ലാഹുവിന്റെ പരമാധികാരവും മനുഷ്യന്റെ പ്രാതിനിധ്യവുമാണ് ആദം(അ) മുതൽ എല്ലാ പ്രവാചകന്മാരും നിർവഹിച്ച പ്രബോധനത്തിന്റെ മൗലികതത്ത്വങ്ങൾ. ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള ലോക ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ആ ദൗത്യമാണ് നിറവേറ്റുന്നതും. ലക്ഷ്യം നേടാൻ സ്വീകരിക്കുന്ന മാർഗം തീർത്തും സമാധാനപരമായിരിക്കണെമന്ന ശാഠ്യവും ഇസ്‌ലാമികപ്രസ്ഥാനത്തിനുണ്ട്. എന്നാൽ, ഈ ദൗത്യം നിറവേറ്റുമ്പോൾ കേവല ഭൗതിക ദർശനങ്ങളായ മുതലാളിത്തത്തോടും മാർക്സിസത്തോടും മതനിരാസപരമായ സെക്യുലറിസത്തോടും മറ്റും ആശയസമരം നടത്തേണ്ടിവരും. സുപ്രധാനമായ ആ ദൗത്യത്തിൽനിന്ന് ഒളിച്ചോടി ജിന്നും സിഹ്‌റും തറാവീഹിന്റെ റക്അത്തും മാസപ്പിറവിയും തശഹുദിലെ വിരൽ ചൂണ്ടലുമൊക്കെ അജണ്ടകളാക്കി സമയവും ഊർജവും പണവും ധൂർത്തടിക്കാൻ ജമാഅത്തെ ഇസ്‌ലാമിക്ക് താൽപര്യമില്ല. ഇത്തരം കാര്യങ്ങളിൽ കൊടുംപിടിത്തം പാടില്ലെന്ന നിലപാടാണ് തീവ്രവാദമെങ്കിൽ ആ ആരോപണം ഏറ്റുവാങ്ങുകയേ നിവൃത്തിയുള്ളൂ. പിന്നെ ജനാധിപത്യത്തിന്റെ കാര്യം: മുക്കാൽ നൂറ്റാണ്ടിലധികം പണിയെടുത്തിട്ടും ഏതാനും പോക്കറ്റുകളിലൊതുങ്ങുന്ന സ്വന്തം സംഘടനക്കുള്ളിൽ പോലും ആരോഗ്യകരമായ ജനാധിപത്യരീതി വളർത്തിയെടുക്കാനോ സുതാര്യമായി ഭാരവാഹികളെ തെരഞ്ഞെടുക്കാനോ കഴിയാതെ പിളർന്നുപോവുകയും ക്രൈസ്തവരുടെ സഭാതർക്കം പോലെ അനന്തമായി നീളുന്ന കോടതികയറ്റം ദിനചര്യയാക്കി മാറ്റുകയും ചെയ്തവർ ജനാധിപത്യത്തെപ്പറ്റി എത്ര കുറച്ചുപറയുന്നുവോ അത്രയും നല്ലത്.

## തങ്ങൾ മാഹാത്മ്യം!

■ *ജമാഅത്തെ ഇസ്‌ലാമിക്കും നേതൃനിരയിൽ ബർകത്തിന് തങ്ങൾ കുടുംബത്തിൽനിന്നാരെങ്കിലും വേണമെന്ന നിർബന്ധമുണ്ടോ? ഇതുവരെ ഇല്ലാത്ത മുഖ്യ ഉപദേശകസ്ഥാനം അബ്ദുൽ അഹദ് തങ്ങൾക്കുവേണ്ടി പ്രത്യേകം സൃഷ്ടിച്ചതല്ലേ? ഈ വിശ്വാസത്തിന് ഇസ്‌ലാമിൽ വല്ല അടിസ്ഥാനവുമുണ്ടോ? ലീഗിനെയും സുന്നികളെയും കുറ്റം പറയുന്നവരുടെ ഉള്ളിലിരിപ്പും ഇതുതന്നെയല്ലേ? പുരോഗമന മുഖംമൂടി അഴിഞ്ഞുവീണതോ?*

***കെ. മിസ്അബ്***
***നിലമ്പൂർ***

**ത**ങ്ങൾ കുടുംബങ്ങളെ അനാദരിക്കലോ അതിരുവിട്ട് പൂജിക്കലോ ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാടല്ല. സയ്യിദുമാരെ നേതൃസ്ഥാനത്ത് അവരോധിച്ചതിന്റെ പേരിൽ ജമാഅത്ത് ആരെയും കുറ്റപ്പെടുത്തിയിട്ടുമില്ല. തങ്ങൾ കുടുംബാംഗങ്ങളെ മാത്രം തെരഞ്ഞുപിടിച്ച് ജനാധിപത്യ രീതിയിലല്ലാതെ തലപ്പത്തിരുത്തുന്നത് നല്ല കാര്യമല്ലെന്ന് ചിലർ ചൂണ്ടിക്കാട്ടിയിരിക്കാം.

നാൽപതുകളിൽ ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പ്രവർത്തനമാരംഭിച്ച കാലം മുതൽ അതുമായി ബന്ധപ്പെട്ട ആദ്യകാല പ്രവർത്തകനാണ് കെ.എം അബ്ദുൽ അഹദ് തങ്ങൾ. പുളിക്കൽ മദീനത്തുൽ ഉലൂമിൽ യശശ്ശരീരരായ എം.സി.സി അബ്ദുർറഹ്മാൻ മൗലവി, കെ.പി മുഹമ്മദ് മൗലവി തുടങ്ങിയ പ്രഗത്ഭരുടെ ശിഷ്യനായിരുന്ന അബ്ദുൽ അഹദ് 1957 മാർച്ച് 20-ന് ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ഓഫീസിൽ സ്റ്റാഫായി ചേർന്നു. തുടർന്ന് *പ്രബോധനം* മാനേജർ, ശാന്തപുരം ഇസ്‌ലാമിയാ കോളേജ് മാനേജർ, മജ്‌ലിസുത്തഅ്‌ലീമിൽ ഇസ്‌ലാമി ട്രഷറർ, ജമാഅത്തെ ഇസ്‌ലാമി കേരള സെക്രട്ടറി, *പ്രബോധനം*, *ബോധനം* പ്രസിദ്ധീകരണങ്ങളുടെ പബ്ലിഷർ, ജമാഅത്ത് കേരള ഹൽഖാ ശൂറാംഗം, അസിസ്റ്റന്റ് അമീർ തുടങ്ങിയ ഒട്ടേറെ പദവികൾ അലങ്കരിച്ച അബ്ദുൽ അഹദ് തങ്ങൾക്ക് 80 വയസ്സ് കഴിഞ്ഞു. അത്രയും മുതിർന്ന നേതാവിപ്പോൾ സംഘടനയിലില്ല. അതിനാൽതന്നെ പ്രായം കൂടി പരിഗണിച്ച് മുഖ്യ ഉപദേശക പദവിയിൽ അദ്ദേഹത്തിന്റെ സേവനം പ്രയോജനപ്പെടുത്താൻ തീരുമാനിച്ചത് അർഹതക്കുള്ള അംഗീകാരം മാത്രമാണ് (തങ്ങൾ എന്ന് സംബോധന ചെയ്യപ്പെടാൻ ഇഷ്ടപ്പെടാത്തയാൾ കൂടിയാണ് അദ്ദേഹമെന്നത് സ്വകാര്യം). ■